**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2146** | **05-02-2026 - ൽ മറുപടിയ്ക്ക്**

**അരുവിക്കര മണ്ഡലത്തിലെ ഫയർ & റെസ്ക്യൂ വകുപ്പ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റത് മുതൽ അരുവിക്കര നിയോജക മണ്ഡലത്തിലെ ഫയർ & റെസ്ക്യൂ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ നവീകരണത്തിനായി അനുവദിച്ച പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; കൂടാതെ വകയിരുത്തിയ തുക, നിലവിൽ അവ ഏത് ഘട്ടത്തിലാണ് ഉടങ്ങിയ വിവരങ്ങൾ ലഭ്യമാക്കാമോ? | (എ) | അരുവിക്കര നിയോജക മണ്ഡലത്തിലെ വിതുര ഫയർ & റെസ്ക്യൂ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി തയ്യാറാക്കിയ 456.40 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ്, നടപ്പ് സാമ്പത്തിക വർഷം തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ അടുത്ത സാമ്പത്തിക വർഷത്തെ പ്ലാൻ പ്രൊവിഷനിൽ ഈ പ്രവൃത്തി ഉൾപ്പെടുത്തി തുക വകയിരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ഫയർ & റെസ്ക്യൂ ഡയറക്ടർ ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാർഷിക പദ്ധതിയിനത്തിൽ ലഭ്യമായ ഫണ്ടുപയോഗിച്ച് ഫയർ & റെസ്ക്യൂ വകുപ്പിൽ പുതുതായി വാങ്ങിയ വിവിധ അഗ്നിശമന രക്ഷാ ഉപകരണങ്ങളിൽ 90,31,869/- രൂപയുടെ ഉപകരണങ്ങളും വാഹനങ്ങളും അരുവിക്കര നിയോജക മണ്ഡലത്തിലെ വിതുര അഗ്നിരക്ഷാനിലയത്തിന് അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ